# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 236 07.12.2018 -ലെ മറുപടി

## നദികളുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>"കെ.മുരളീധരൻ<br>"റോജി എം. ജോൺ<br>" അൻവർ സാദത്ത് | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ നദികളുടെ പുനരുദ്ധാരണത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; | (എ) സംസ്ഥാനത്തെ നദികളുടെ സംരക്ഷണത്തിനായി ജലസേചന വകുപ്പ് മുഖേന റെഗുലേറ്ററുകളുടെ നിർമ്മാണം, തടയണകൾ, വെൻറഡ് ക്രോസ് ബാറുകൾ, തീര സംരക്ഷണ പ്രവൃത്തികൾ, തുടങ്ങിയവയോടൊപ്പം റവന്യൂ വകുപ്പിന്റെ ധന സഹായത്തോടെ (റിവർ മാനേജ്മെൻറ് ഫണ്ട്) പ്രവൃത്തികളും നിർവ്വഹിച്ചു വരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിൽ ചെറുനീർത്തടങ്ങൾക്കായി "നീർത്തട പ്ലാനുകൾ" തയ്യാറാക്കി വരുന്നു. ഇതു കൂടാതെ, ഹരിത കേരളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ സഹകരണത്തോടും കൂടി തോടുകളുടെ ശുചീകരണം/നീരൊഴുക്ക് സുഗമമാക്കൽ, തീരങ്ങൾ സംരക്ഷിക്കുക തുടങ്ങിയവ പ്രവൃത്തികളിലൂടെ നദികളുടെ പുന:രുദ്ധാരണ പ്രവർത്തനം നിർവ്വഹിച്ചു വരുന്നു. |
| (ബി) നദികളുടെ പുനരുദ്ധാരണത്തിനായി നയം നിലവിലുണ്ടോ; ഇല്ലെങ്കിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) പുഴകളുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണത്തിനായി കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 നിലവിലുണ്ട്. ആയതിൻപ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതോടൊപ്പം ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി |

"സംസ്ഥാന നദീതട അതോറിറ്റി" രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അതോറിറ്റിയ്ക്ക് നദികളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ആവശ്യമായ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കാനും നടപടികൾ സ്വീകരിക്കാനും കഴിയും.

(സി) നദികളെ മലിനമാക്കുന്ന പ്രവൃത്തികളും അനധികൃത മണൽ കടത്തും തടയാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ; അല്ലെങ്കിൽ പുതിയ നിയമനിർമ്മാണം ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

(സി) കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം 2018 പ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് ഒരു വർഷത്തിൽ കുറയാത്തതും മൂന്ന് വർഷത്തിൽ അധികരിക്കാത്തതുമായ തടവും ഒപ്പം പരമാവധി രണ്ട് ലക്ഷം രൂപ പിഴയും ഈടാക്കാൻ കഴിയും. അനധികൃത മണൽക്കടത്ത് തടയുന്നതിനുള്ള വ്യവസ്ഥകൾ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലും, 2013—ലെ ഭേദഗതി നിയമത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**